**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 908** **24-02-2022 - ൽ മറുപടിയ്ക്ക്**

**വന്യമൃഗങ്ങളുടെ ശല്യം പരിഹരിക്കാൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ, വിശിഷ്യ തൃക്കരിപ്പൂർ മണ്ഡലത്തിലെ മലയോര മേഖലകളിൽ വ്യാപകമായിട്ടുള്ള കാട്ടാന ഉൾപ്പെടെയുള്ള വന്യമൃഗങ്ങളുടെ ശല്യം പരിഹരിക്കാൻ വനം വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ഡിവിഷനു കീഴിൽ മൊത്തം 51.7 കിലോമീറ്റർ സൗരോർജ്ജവേലി നിലവിലുണ്ട്. ആയതിൽ തൃക്കരിപ്പൂർ മണ്ഡലം ഉൾപ്പെട്ട കാഞ്ഞങ്ങാട് റെയിഞ്ചിനു കീഴിൽ 23.5 കിലോമീറ്റർ സൗരോർജ്ജവേലി നിർമ്മിച്ചിട്ടുണ്ട്. തൃക്കരിപ്പൂർ മണ്ഡലത്തിൽ മാത്രം പാലാവയൽ മുതൽ മീനഞ്ചേരി വരെ 5.5 സൗരോർജ്ജ വേലിയും, അത്തിയടുക്കം ഭാഗത്ത് 2.200 കിലോമീറ്റർ സൗരോർജ്ജവേലിയും കൂടി ആകെ 7.700 കിലോമീറ്റർ കിലോമീറ്റർ സൗരോർജ്ജവേലി നിർമ്മിച്ചിട്ടുണ്ട്. കാട്ടാന ശല്യം രൂക്ഷമായ തൃക്കരിപ്പൂർ മണ്ഡലത്തിലെ പാലാവയൽ, അത്തിയടുക്കം, ഭാഗങ്ങളിൽ ആനയെ ഓടിക്കാൻ താല്കാലിക വാച്ചർമാരെ നിയമിച്ചിട്ടുണ്ട്. കാട്ടാനകളെ ഓടിക്കുന്നതിന് ആവശ്യമായ സാമഗ്രികകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കാഞ്ഞങ്ങാട് റെയിഞ്ചിൽ ആന ഉൾപ്പെടെയുള്ള വന്യജീവികളുടെ ആക്രമണം തടയുന്നതിനായി 36 കിലോമീറ്റർ തൂക്കുവേലി നിർമ്മിക്കുന്നതിനുള്ള പദ്ധതി കാസറഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി അംഗീകാരം നേടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ആയതിൽ മീനഞ്ചേരി മുതൽ വായ്ക്കാനം വരെ 3 കിലോമീറ്ററും പാലാവയൽ ടൗണിൽ ഒരു കിലോമീറ്ററും നിർമ്മിക്കുന്ന തൂക്കുവേലി തൃക്കരിപ്പൂർ മണ്ഡലത്തിൽ ഉൾപ്പെടുന്നതാണ്. |
| (ബി) | 2020-21 വർഷങ്ങളിൽ വനം മന്ത്രിയുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ നടത്തിയ യോഗതീരുമാനങ്ങളുടെ ഭാഗമായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ? | (ബി) | കാസറഗോഡ് ജില്ലയിൽ കാറഡുക്ക, മുള്ളരിയ, പാണ്ടി, പാണത്തൂർ, കോട്ടഞ്ചേരി, അത്തിയടുക്കം, പാലാവയൽ എന്നിവിടങ്ങളിൽ മനുഷ്യ വന്യജീവി സംഘർഷം വർദ്ധിക്കാനുള്ള പ്രധാന കാരണം കർണ്ണാടക വനത്തിൽ നിന്നും വരുന്ന കാട്ടാനകളാണ്. 2020 വർഷത്തിൽ മുളളേരിയയിലെ കാട്ടാനകളെ കർണ്ണാടക വനത്തിലേക്ക് ഓടിക്കാൻ ഓപ്പറേഷൻ ഗജ നടത്തിയിരുന്നു. തുടർന്നും |

കർണ്ണാടക അതിർത്തിയിൽ നിന്നും കേരളത്തിലെ ജനവാസകേന്ദ്രങ്ങളിൽ ഇറങ്ങി ജീവനും സ്വത്തിനും ഭീഷണി സൃഷ്ടിക്കുന്നതിനാൽ ഈ വിഷയം അടിയന്തിര ശ്രദ്ധ പതിപ്പിച്ച് നിയന്ത്രിക്കേണ്ടതുണ്ട്. ആയതുപ്രകാരം മംഗലാപുരം ഫോറസ്റ്റ് ഡിവിഷൻ ഉദ്യോഗസ്ഥരുടെയും തലക്കാവേരി സങ്കേതം ഉദ്യോഗസ്ഥരുടെയും ഒരു യോഗം 11.09.2021 തീയ്യതിയിൽ കൂടുകയും കർണ്ണാടകത്തിൽ നിന്നും അതിർത്തി വഴി കേരളത്തിലേക്കിറങ്ങുന്ന കാട്ടാനകളെ തടയുന്നതിന് നടപടി സ്വീകരിക്കുമെന്ന് ഉറപ്പ് നൽകിയിരുന്നു. കാട്ടാന ആക്രമണം രൂക്ഷമാകുന്നത് കണക്കിലെടുത്ത് കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് മുൻകൈ എടുത്ത് കാട്ടാന ആക്രമണം തടയുന്നതിന് പഞ്ചായത്ത് ഫണ്ട് വകയിരുത്തുകയും ഇതുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതിന് 14.09.2021-ന് വനം വകുപ്പിന്റെയും ദേലംപാടി, കാറഡുക്ക, മുളിയാർ, ബേഡഡുക്ക, കുറ്റിക്കോൽ പഞ്ചായത്ത് പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട് എന്നിവരുടെ യോഗം വനം വകുപ്പ് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ നടത്തുകയും, അടിയന്തിരമായി വനം വകുപ്പ് ഉദ്യോഗസ്ഥരെയും പ്രദേശവാസികളെയും ഉൾപ്പെടുത്തി ദ്രുതകർമ്മസേന ഉണ്ടാക്കി ജനവാസ കേന്ദ്രങ്ങളിലേക്ക് ഇറങ്ങിയ കാട്ടാനകളെ തുരത്തുന്നതിന് ഫണ്ട് അനുവദിക്കുന്നതിന് തീരുമാനം യോഗത്തിൽ എടുക്കുകയുമുണ്ടായി. ഇതിലേക്കായി അടിയന്തിരമായി 30 ലക്ഷം രൂപ കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് വനം വകുപ്പിന് കൈമാറിയിട്ടുണ്ട്. കാട്ടാനകളെ തുരത്തുന്നതിന് യോഗ്യരായ കാര്യക്ഷമതയുള്ള തദ്ദേശീയ ആളുകളെ തിരഞ്ഞെടുത്ത് ഒരു ദ്രുതകർമ്മ സേനയെ രൂപീകരിച്ച് കാട്ടാനകളെ അതിന്റെ ആവാസവ്യവസ്ഥയിലേക്ക് തിരികെ എത്തിക്കുന്നതിന് ശ്രമിച്ച് വരുന്നുണ്ട്. ആയതിനാൽ ഓപ്പറേഷൻ ഗജ 2-ന്റെ ആവിശ്യം നിലവിൽ അത്യാവശ്യമായി വരുന്നില്ല. കാസറഗോഡ് ജില്ലാ വികസന സമിതി യോഗത്തിൽ വന്യജീവി ആക്രമണങ്ങൾ തടയുന്നതിനുള്ള വിവിധ പ്രതിരോധ മാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിന് കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ മറ്റു പഞ്ചായത്തുകളും സ്വീകരിക്കുന്നതിനും ആവശ്യമായ തുക വകയിരുത്തുന്നതിനും തീരുമാനിക്കുകയുണ്ടായി. വന്യജീവി ആക്രമണം തടയുന്നതിനുള്ള വിവിധ പദ്ധതികൾക്ക് ഫണ്ട് ലഭ്യമാക്കാൻ ഈ പദ്ധതികൾ കാസറഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിന് കാസറഗോഡ്

| | | | |
|---|---|---|---|
| | | | വികസന പാക്കേജ്, സ്പെഷ്യൽ ഓഫീസർക്ക് നിർദ്ദേശം നൽകേണ്ടതായിട്ടുണ്ട്. ആയത് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവർത്തികൾ പൂർത്തീകരിക്കുന്നതാണ്. വന്യമൃഗ ആക്രമണം രൂക്ഷമായ കാറഡുക്ക പ്രദേശത്ത് 29 കിലോമീറ്റർ തൂക്കുവേലി നിർമ്മിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് 3.21 കോടി രൂപ വകയിരുത്തുകയും പദ്ധതി പൂർത്തീകരിക്കുന്നതിനായി കേരള പോലീസ് ഹൗസിംഗ് കോർപ്പറേഷനെ തെരെഞ്ഞെടുക്കുകയും കെ.പി.എച്ച്.സി പദ്ധതിയുടെ ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൃഷി നാശം വരുത്തുന്ന കാട്ടുപന്നികളെ വെടിവെക്കുന്നതുമായി ബന്ധപ്പെട്ട് കാസർഗോഡ് ഡിവിഷനിൽ നിന്നും ഇതുവരെയായി 50 പേരെ എംപാനൽ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുവരെയായി 41 കാട്ടുപന്നികളെ വെടിവെച്ച് കൊന്നിട്ടുണ്ട്. മനുഷ്യ വന്യജീവി സംഘർഷം മൂലം നാശനഷ്ടം സംഭവിക്കുന്ന വ്യക്തികൾക്ക് അർഹമായ നഷ്ട പരിഹാരം കൊടുത്തുവരുന്നുണ്ട്. കാസർഗോഡ് ഡിവിഷനു കീഴിൽ ആർ.ആർ.ടി-യുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് നാട്ടിലേക്കിറങ്ങുന്ന വന്യജീവികളെ കാട്ടിലേക്ക് തന്നെ തിരികെ വിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ